**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2278** **11-10-2021 - ൽ മറുപടിയ്ക്ക്**

**പ്രധാൻമന്ത്രി ഗ്രാമ സഡക് യോജന**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | **Shri M. V. Govindan Master**<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | പ്രധാൻമന്ത്രി ഗ്രാമ സഡക് യോജന പദ്ധതി പ്രകാരം 2020-21 വർഷത്തിൽ സംസ്ഥാനത്ത് എത്ര കിലോമീറ്റർ റോഡ് അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്തിന് അനുവദിച്ച 1425 കി.മീ ൽ 2020-21 വർഷത്തിൽ 104.563 കി.മീ ന് അംഗീകാരം ലഭ്യമായിട്ടുണ്ട്. |
| (ബി) | കോഴിക്കോട് ജില്ലയിൽ എത്ര കിലോമീറ്റർ റോഡ് അനുവദിച്ചുവെന്നും എത്ര കിലോമീറ്റർ റോഡിനുള്ള ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ടെന്നും വ്യക്തമാക്കാമോ; | (ബി) | കോഴിക്കോട് ജില്ലയ്ക്ക് പി.എം.ജി.എസ്.വൈ-3- ൽ അനുവദിച്ചിട്ടുള്ള 95 കി.മീറ്ററിൽ നാലു റോഡുകൾക്കുള്ള (23.81 കി.മീ) വിശദമായ പ്രോജക്ട് റിപ്പോർട്ട് കേന്ദ്രസർക്കാരിന്റെ അനുമതിക്കായി സമർപ്പിച്ചതിൽ 2 റോഡുകൾക്ക് (9.45 കി.മീ) അനുമതി ലഭ്യമായിട്ടുണ്ട്. മറ്റ രണ്ടു റോഡുകൾക്ക് 40% കൂടുതൽ മണ്ണ് റോഡ് (earthen portion) ഉള്ളതിനാൽ കൂടുതൽ പരിശോധനയ്ക്കായി മാറ്റി വച്ചിരിക്കുകയാണ്. ഇവയ്ക്ക് പുറമെ 11 റോഡുകളുടെ ഡി.പി.ആർ തയ്യാറാക്കി വരികയാണ്. |
| (സി) | പ്രസ്തുത പദ്ധതി പ്രകാരം ഒരു കിലോമീറ്റർ റോഡ് നിർമ്മിക്കുന്നതിന് എത്ര ലക്ഷം രൂപയാണ് ചെലവ് വരുന്നതെന്ന് വ്യക്തമാക്കാമോ; | (സി) | അംഗീകാരം ലഭിച്ച ഡി.പി.ആർകൾക്ക് ഒരു കിലോമീറ്ററിന് 97.85 ലക്ഷം രൂപയാണ് ചെലവ് വരുന്നത്. |
| (ഡി) | പി.എം.ജി.എസ്.വൈ. കോഴിക്കോട് ജില്ലാ ഓഫീസിൽ എത്ര ജീവനക്കാരാണുള്ളതെന്നും പ്രസ്തുത ജീവനക്കാർക്ക് ആരാണ് ശമ്പളം നൽകുന്നതെന്നും വ്യക്തമാക്കാമോ; പ്രസ്തുത ഓഫീസിൽ എത്ര ഒഴിവുകൾ നിലവിൽ ഉണ്ടെന്ന് അറിയിക്കാമോ; | (ഡി) | കോഴിക്കോട് ജില്ലാ ഓഫീസിൽ തദ്ദേശ സ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ 3 ജീവനക്കാരും കരാർ അടിസ്ഥാനത്തിൽ ഒരു അക്രഡിറ്റഡ് എഞ്ചിനീയറും 2 ഓവർസിയർമാരും, ഒരു സീനിയർ അക്കൗണ്ടന്റും ഒരു ഡാറ്റാ എൻട്രി ഓപ്പറേറ്റർ കം അക്കൗണ്ടന്റും ദിവസ വേതന അടിസ്ഥാനത്തിൽ ഒരു ഓവർസിയറും ആണ് ഉള്ളത്. പ്രസ്തുത ജീവനക്കാർക്ക് കെ.എസ്.ആർ.ആർ.ഡി.എ യാണ് ശമ്പളം അനുവദിക്കുന്നത്. നിലവിൽ രണ്ട് അക്രഡിറ്റഡ് എഞ്ചിനീയറുടെയും ഒരു അക്രഡിറ്റഡ് ഓവർസിയറുടെയും ഒഴിവുണ്ട്. |
| (ഇ) | ആവശ്യത്തിന് ജീവനക്കാർ ഇല്ലാത്തത് മൂലം പദ്ധതി നിർവ്വഹണത്തിൽ തടസ്സം നേരിടുന്നതായി | (ഇ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിലവിലുള്ള ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആവശ്യമായ ജീവനക്കാരെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ